**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3502** **15-02-2024 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി താലൂക്ക് ലാൻറ് ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയം നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ട് സ്റ്റേറ്റ് ലാൻഡ് ബോർഡ് മാനന്തവാടി താലൂക്ക് ലാൻഡ് ബോർഡിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം കുടിയായ്മ, കുടികിടപ്പ് അവകാശ ങ്ങളിൽ നിരവധി വർഷങ്ങളായി ഭൂമി കൈവശം വച്ച് അനുഭവിച്ച് വരുന്നവർക്ക് ലാൻഡ് ട്രൈബ്യൂണലിൽ നിന്ന് പട്ടയം നല്കുന്നതിനായി നിയമ വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് പട്ടയം നൽകുന്നതിനായി സംസ്ഥാന ലാൻഡ് ബോർഡ് ഒരു ആക്ഷൻ പ്ലാൻ & SOP തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഉണ്ടെങ്കിൽ സർക്കുലറിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം കുടിയായ്മ, കുടികിടപ്പ് അവകാശ ങ്ങളിൽ നിരവധി വർഷങ്ങളായി ഭൂമി കൈവശം വച്ച് അനുഭവിച്ച് വരുന്നവർക്ക് ലാൻഡ് ട്രൈബ്യൂണലിൽ നിന്ന് പട്ടയം നല്കുന്നതിനായി നിയമ വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് പട്ടയം നൽകുന്നതിനായി സംസ്ഥാന ലാൻഡ് ബോർഡ് ഒരു ആക്ഷൻ പ്ലാൻ & SOP തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## റവന്യൂ വകുപ്പ്

ലാൻഡ് ട്രൈബ്യൂണലുകളിലെ

# കേസ് ഫയൽ തീർപ്പാക്കൽ- കർമ്മ പരിപാടി

## ആക്ഷൻ പ്ലാൻ
## &
## Standard operating procedure

സ്റ്റേറ്റ് ലാൻഡ് ബോർഡ്,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം

# വിഷയ സൂചിക


| നമ്പർ | ഇനം | പേജ് |
| --- | --- | --- |
| I | ആമുഖം | 3 |
| II | കർമ്മപദ്ധതി | 4 |
| III | സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂർ | 4 |
| IV | പദ്ധതിയുടെ സമയക്രമം | 8 |
| V | പട്ടയങ്ങളുടെ ജില്ലാതല ടാർജറ്റ് | 9 |
| VI | പദ്ധതിയുടെ മോണിറ്ററിംഗ് | 9 |
| VII | ഓഫീസ് തല ടാർജറ്റ് | 10 |

## (I ) ആമുഖം

കേരളത്തിൽ 'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ' എന്ന ലക്ഷ്യം നിറവേറ്റാനുള്ള സമഗ്രമായ പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നു. സർക്കാർ നടപ്പിലാക്കിയ ആദ്യ 100 ദിനകർമ്മ പരിപാടി വലിയ വിജയമായിരുന്നു. ആയതിൽ ഉൾപ്പെടുത്തി 13500 ഓളം കുടുംബങ്ങൾക്ക് ഭൂമിക്ക് പട്ടയം നൽകാൻ റവന്യൂ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. രണ്ടാം 100 ദിനംകൊണ്ട് 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം പ്രവർത്തിക്കുന്ന ലാൻഡ് ട്രൈബ്യൂണലുകൾ മുഖേന 40,000 കേസുകൾ തീർപ്പാക്കി ക്രയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനും കഴിഞ്ഞിട്ടുണ്ട്.പട്ടയമിഷൻ വിജയിപ്പിച്ച എല്ലാ ജീവനക്കാർക്കും അഭിനന്ദനം രേഖപ്പെടുത്തുന്നു.

പട്ടയമിഷനുമായി ബന്ധപ്പെട്ട് വലിയ മുന്നൊരുക്കങ്ങളാണ് ലാൻഡ് ട്രൈബ്യൂണലുകളിൽ നടത്തിയത്. ആ ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവത്തനങ്ങളുടെ പുരോഗതി ഇനിയുള്ള ദിവസങ്ങളിലും ഉണ്ടാകുന്നതാണ്. ഇനിയും 105825 കേസുകൾ തീർപ്പാക്കാനായി ശേഷിക്കുന്നു. ഇതിൽ 60000 കേസുകൾ തീർപ്പാക്കി പട്ടയം നൽകുന്നതിനുള്ള ഒരു മിഷൻ മോഡ് കർമ്മ പദ്ധതി സർക്കാർ വിഭാവനം ചെയ്യുന്നു. ഈ കർമ്മ പദ്ധതിയിലൂടെ 2022 മെയ് 30 നകം ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കേണ്ട/ പൂർത്തീകരിക്കേണ്ട ലക്ഷ്യവും അതിന് അനുവർത്തിക്കേണ്ട സമയക്രമവും മാർഗരേഖകളും ഈ പദ്ധതി രേഖയിൽ വിശദമായി പ്രതിപാദിക്കുന്നു.

## (II) കർമ്മപദ്ധതി

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം കേരളത്തിൽ ജന്മിത്തം അവസാനിപ്പിക്കുകയും കുടിയായ്മ, കുടികിടപ്പ് അവകാശങ്ങളിൽ ഭൂമി കൈവശമുള്ളവർക്കെല്ലാം ഭൂമിക്കുമേൽ പൂർണമായ ഉടമസ്ഥാവകാശം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ വിവിധ ലാൻഡ് ട്രൈബ്യൂണലുകളിൽ ഈ അവകാശങ്ങൾ ലഭിക്കുന്നതിനായി 105825 കുടുംബങ്ങൾ ഇപ്പോഴും അപേക്ഷ നൽകി കാത്തിരിക്കുന്നു. ഇത്തരത്തിലുള്ള 60,000 കേസുകൾ തീർപ്പാക്കാനും ക്രയസർട്ടിഫിക്കറ്റ് നൽകാനും റവന്യൂ വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനായി അനുവർത്തിക്കേണ്ട സമയക്രമവും മാർഗരേഖയും ഇതോടൊപ്പം നൽകുന്നു. ഓരോ ഓഫീസിനും പ്രത്യേകം ടാർജറ്റും നിശ്ചയിച്ചിട്ടുണ്ട്.

## (III) Standard operating procedure

**STEP 1 ( പട്ടയ മിഷൻ ടീം രൂപീകരിക്കൽ)**

1) ഓരോ ലാൻഡ് ട്രൈബ്യൂണലും പട്ടയ മിഷൻ ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നതിനായി ഒരു ടീമിന് രൂപം കൊടുക്കേണ്ടതും ചുമതലകൾ നൽകേണ്ടതുമാണ്.പരിശീലനങ്ങൾ ആവശ്യമാണെങ്കിൽ ആയതും നൽകേണ്ടതാണ്.

**STEP 2 ( കക്ഷികളെ വിളിച്ച് വരുത്തൽ)**

2) ലാൻഡ് ട്രൈബ്യൂണലുകളിൽ അപേക്ഷ നൽകിയിരിക്കുന്ന ആളുകൾ പിന്നീട് കേസിൻെറ തുടർനടപടികൾക്കായി എൽ.റ്റിയിൽ ഹാജരാകുന്നില്ലായെന്നും ഇത് കാരണം ഇവർക്ക് ശേഷം അപേക്ഷ നൽകിയവരുടെ കേസുകൾ പരിഗണിക്കാൻ കാലതാമസം വരുന്നുവെന്നും കേസ് സീനിയോറിറ്റി പ്രശ്നം കാരണം ലക്ഷ്യ പൂർത്തീകരണത്തിന് തടസ്സമുണ്ടാകുന്നുവെന്നും ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ഇത് പരിഹരിക്കാൻ ആവശ്യക്കാരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

3) **"ലാൻഡ് ട്രൈബ്യൂണലുകളിൽ നാളിതു വരെ അപേക്ഷ നൽകിയിരിക്കുന്ന ആളുകളെല്ലാം ബന്ധപ്പെട്ട രേഖകളുമായി ലാൻഡ് ട്രൈബ്യൂണലിൽ ഹാജരാകേണ്ടതാണ് "** എന്ന ഒരു പൊതു നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണ്. ലാൻഡ് ട്രൈബ്യൂണൽ, പഞ്ചായത്ത്, താലൂക്ക് തുടങ്ങിയ ഓഫീസുകളുടെ നോട്ടീസ്

ബോർഡുകളിൽ ആയത് പ്രസിദ്ധീകരിക്കാവുന്നതാണ്. പത്രങ്ങളിലും പ്രാദേശിക ചാനലുകളിലും ആവശ്യമെങ്കിൽ അറിയിപ്പ് നൽകേണ്ടതാണ്.

**STEP 3 ( ടാർജറ്റ് തയ്യാറാക്കൽ)( A- Process)**

4) പൊതുനോട്ടീസ് പ്രകാരം കക്ഷികൾ ഹാജരാകുമ്പോൾ അവരുടെ വിലാസം, മൊബൈൽ നമ്പർ എന്നിവ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.അന്നേ ദിവസം വിചാരണ നടത്തേണ്ടതില്ല. ആവശ്യക്കാരുടെ ലിസ്റ്റ് തയ്യാറാക്കുക മാത്രമാണ് ചെയ്യേണ്ടത്. ആളുകൾ ഹാജരാകുന്നതും നടപ്പ് വിചാരണയിലിരിക്കുന്നതുമായ കേസുകളെയും ഈ ടാർജറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.
5) ലിസ്റ്റിൽ ഉൾപ്പട്ടുത്തിയ ആളുകളുടെ കേസുകൾ തെരെഞ്ഞെടുത്ത് പ്രത്യകം റാക്കിൽ/ അലമാരയിൽ (റാക്ക് 1) ക്രമീകരിക്കേണ്ടതാണ്.

**STEP 4 ( അപേക്ഷകളുടെ പ്രാഥമിക പരിശോധന ( B -Process)**

6) ഒന്നാം റാക്കിൽ ക്രമീകരിച്ചിരിക്കുന്ന അപേക്ഷകൾ ഓരോന്നും ജീവനക്കാരുടെ ടീം അംഗങ്ങൾ പരിശോധിക്കേണ്ടതാണ്.ഒരാൾ ഒരു ദിവസം 15-20 അപേക്ഷകൾ പരിശോധിക്കേണ്ടതാണ്.അപേക്ഷകളിൽ എന്തൊക്കെ രേഖകളാണ്/ റിപ്പോർട്ടാണ്/ നടപടികളാണ് ഇനിയും വേണ്ടതെന്ന ഒരു കുറിപ്പ് ഓരോ അപേക്ഷയിലും പ്രത്യേകം രേഖപ്പെടുത്തി വയ്ക്കണം. ഇപ്രകാരമുള്ള പരിശോധന കഴിഞ്ഞ അപേക്ഷകൾ റാക്ക് 2 ലേക്ക് ക്രമീകരിക്കണം.

**STEP 5 ( രേഖകൾ സമർപ്പിക്കൽ)**

7) റാക്ക് 2 ൽ ക്രമീകരിച്ചിരിക്കുന്ന അപേക്ഷകളിൽ ഓരോന്നിലും കൂടുതൽ വിവരങ്ങളോ രേഖകളോ ആവശ്യമാണെങ്കിൽ ആയത് കക്ഷികളോട് ആവശ്യപ്പെടാവുന്നതാണ്.എന്നാൽ രേഖകൾ ഹാജരാക്കാൻ വേണ്ടി മാത്രം വിചാരണകൾ നടത്തേണ്ടതില്ല. ഓഫീസ് സമയങ്ങളിൽ ഏത് ദിവസം വേണമെങ്കിലും രേഖകൾ ഹാജരാക്കാൻ കക്ഷികൾക്ക് അവസരം നൽകേണ്ടതാണ്.കക്ഷികൾ ഹാജരാക്കുന്ന രേഖകൾ പരിശോധനാ ടീം വാങ്ങി ബന്ധപ്പെട്ട കേസ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## STEP 5 ( റിപ്പോർട്ട് വാങ്ങൽ)( C- Process)

8) ഓരോ കേസിലും റവന്യൂ ഇൻസ്പെക്ടർ / വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ഉണ്ടോയെന്ന് പരിശോധിക്കുകയും റിപ്പോർട്ട് ഇല്ലാത്ത അപേക്ഷകൾ അതാത് വില്ലേജിലേയ്ക്ക് ഒരുമിച്ച് കൈമാറാവുന്നതും നിശ്ചിത സമയക്രമത്തിനുള്ളിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് വാങ്ങേണ്ടതുമാണ്.

9) എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ അപേക്ഷകളിൽ റവന്യൂ ഇൻസ്പെക്ടറുടെയോ വില്ലേജ് ഓഫീസറുടെയോ ആരുടെയെങ്കിലും ഓരാളിന്റെ റിപ്പോർട്ട് മാത്രം വാങ്ങിയാൽ മതിയാവുന്നതാണ്.

10) വില്ലേജ് ഓഫീസർ/ റവന്യൂ ഇൻസ്പെക്ടർ സ്വമേധയാ രജിസ്റ്റർ ചെയ്ത് SM റിപ്പോർട്ട് സമർപ്പിച്ച കേസ് ആണെങ്കിൽ വില്ലേജ് ഓഫീസിലേക്ക് റിപ്പോർട്ടിനായി നൽകേണ്ടതില്ല. എന്നാൽ റിപ്പോർട്ടിൽ എന്തെങ്കിലും കൂടുതൽ വിവരങ്ങൾ ആവശ്യമുണ്ടെന്ന് ലാൻഡ് ട്രൈബ്യൂണലിന് ബോധ്യപ്പെടുകയാണെങ്കിൽ ആയത് ആവശ്യപ്പെടാവുന്നതാണ്.

11) രേഖകൾ , റിപ്പോർട്ടുകൾ എന്നിവയെല്ലാം പൂർണ്ണമായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ റാക്ക് 3 ലേക്ക് ക്രമീകരിക്കണം.

## STEP 6 ( നോട്ടീസ് നടത്തൽ)( C- Process)

12) മൂന്നാമത്തെ റാക്കിൽ 25- 50 അപേക്ഷകൾ ആകുന്ന ക്രമത്തിൽ വിചാരണയ്ക്ക് ഒരു തീയതി നിശ്ചയിച്ച് നോട്ടീസുകൾ നടത്തേണ്ടതാണ്.

13) അപേക്ഷകനെ വിളിച്ച് വരുത്തി നോട്ടീസുകൾ നൽകാവുന്നതാണ്.

14) ജന്മിമാർക്കും interested party-കൾക്കും നിർദ്ദിഷ്ട E ഫോറത്തിൽ നോട്ടീസുകൾ നൽകേണ്ടതാണ്. നോട്ടീസുകൾ നൽകിയതിൻെറ/ പ്രസിദ്ധീകരിച്ചതിൻെറ വിവരങ്ങൾ കേസ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

15) ഡി- ഫോറത്തിലെ പൊതുനോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണ്.ഭൂഉടമയുയെയോ അനന്തരാവകാശികളുയേയോ വിലാസം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ഡി- ഫോറം നോട്ടീസ് മാത്രം പ്രസിദ്ധീകരിച്ചാൽ മതിയാകുന്നതാണ്.

16) വ്യക്തിഗത നോട്ടീസ്, പൊതു നോട്ടീസ് എന്നിവ കുടികിടപ്പ് കേസുകളാണെങ്കിൽ ഫോറം 42 ലും 7E കേസുകളാണെങ്കിൽ ഫോറം 26 ബി യിലും നൽകേണ്ടതാണ്

## STEP 7 ( വിചാരണ) ( D- Process)

17) എതിർ കക്ഷികൾക്ക് എതിർ വാദങ്ങൾ ഉന്നയിക്കാൻ അവസരം നൽകുന്നതിന് വേണ്ടിയാണ് പ്രധാനമായും വിചാരണകൾ നടത്തേണ്ടത്.

18) എതിർ വാദം ഉന്നയിക്കാത്ത എല്ലാ കേസുകളിലും കക്ഷിക്ക് അന്നേ ദിവസം തന്നെ ക്രയസർട്ടിഫിക്കറ്റ് അനുവദിച്ച് ഉത്തരവാകേണ്ടതാണ്.

19) എതിർ കക്ഷികൾ ഹാജരായില്ല എന്ന കാരണത്താൽ കേസുകൾ മാറ്റി വയ്ക്കരുത്.

## പൊതുവായ നിർദ്ദേശങ്ങൾ

20) പുതിയ അപേക്ഷകൾ ലഭിക്കുമ്പോൾ യാതൊരു കാരണവശാലും ഉടൻ തന്നെ വിചാരണ തീയതി നൽകരുത്. ലഭ്യമായ രേഖകൾ സമർപ്പിക്കപ്പെട്ടതും വില്ലേജ് ഓഫീസർ/ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് ലഭിച്ചതും നോട്ടീസ് നടപടികൾ പൂർത്തിയായതുമായ കേസുകൾ മാത്രമേ തഹസിൽദാരുടെ/ ഡെപ്യൂട്ടി കളക്ടറുടെ വിചാരണയ്ക്ക് പോസ്റ്റ് ചെയ്യേണ്ടതുള്ളൂ.

21) നിലവിൽ കുടിയായ്മ രേഖപ്പെടുത്തിയ ഒരു ആധാരമുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ക്രയസർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.01.04.1964 ന് മുതലേയുള്ള രേഖകൾ ഹാജരാക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

22) 01.04.1964 ന് ശേഷം കേരളത്തിൽ പുതിയ കുടിയായ്മകൾ സൃഷ്ടിക്കാൻ പാടില്ലായെന്ന് 74-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തീയതിക്ക് മുൻപ് സൃഷ്ടിക്കപ്പെട്ട കുടിയായ്മകൾ കൈമാറാവുന്നതാണെന്ന് 50-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിനാൽ നിലവിലെ അപേക്ഷകർക്ക് കുടിയായ്മ രേഖപ്പെടുത്തിയ ആധാരം കൈവശമുണ്ടെങ്കിൽ ആ കുടിയായ്മയെല്ലാം 01.04.1964-ന് മുൻപ് സൃഷ്ടിക്കപ്പെട്ടതാണെന്ന് അനുമാനിക്കാവുന്നതാണ്. അപേക്ഷകർക്ക് 01.04.1964 ന് മുൻപ് മുതലേയുള്ള മറ്റ് രേഖകൾ ഹാജരാക്കാനില്ലെങ്കിലും നിലവിൽ കുടിയായ്മ രേഖപ്പെടുത്തിയ ഒരു ആധാരമുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ക്രയസർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

23) കുടിയായ്മ കേസ് പരിഗണിക്കുമ്പോൾ, ബി.റ്റി.ആർ-ൽ നിലവിലെ കൈവശക്കാരന്റെ പേര് രേഖപ്പെടുത്തിയിരുന്നാലും നിലവിലെ ആധാരത്തിൽ ജന്മം എന്ന് എഴുതിയിരുന്നാലും അപേക്ഷകർക്കോ മുൻഗാമികൾക്കോ 01.04.1964-ന് മുൻപ് പ്രസ്തുത ഭൂമിയിൽ കുടിയായ്മ ഉണ്ടോ എന്ന് പരിശോധിക്കാവുന്നതും ഇപ്പോഴത്തെ കൈവശക്കാരന് ക്രയസർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതുമാണ്.

24) നിശ്ചയിച്ചിരിക്കുന്ന സമയക്രമം പാലിച്ച് മേൽപറഞ്ഞ ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ്.

## (IV) സമയക്രമം

| | | |
|---|---|---|
| 1. | പട്ടയ മിഷനു വേണ്ടി ജീവനക്കാരുടെ ടീം രൂപീകരിക്കുക. | 2022 നവമ്പർ 1 |
| 2. | പൊതു നോട്ടീസ് പ്രസിദ്ധീകരിക്കുക | നവമ്പർ 5 നകം |
| 3. | എൽ. റ്റിയിൽ വരുന്ന അപേക്ഷകരുടെ ഫോൺ നമ്പർ, വിലാസം എന്നിവ രജിസ്റ്റർ ചെയ്ത് ടാർജറ്റ് ലിസ്റ്റ് തയായാറാക്കുക. | നവമ്പർ 10 മുതൽ |
| 4. | ടാർജറ്റ് ലിസ്റ്റിൽ ഉള്ളവരുടെ അപേക്ഷകൾ റാക്ക് 1 ലേക്ക് ക്രമീകരിക്കുക. **(Process A)** | നവമ്പർ 10 മുതൽ |
| 5. | റാക്ക് 1 ൽ ക്രമീകരിച്ച അപേക്ഷകൾ ഓരോന്നായി പരിശോധിക്കുക. കുറവുള്ള രേഖകൾ, റിപ്പോർട്ടുകൾ, ഇനിയും ആവശ്യമായ നടപടികൾ എന്നിവ രേഖപ്പെടുത്തിയ കുറിപ്പ് തയ്യാറാക്കി അപേക്ഷയോടൊപ്പം വയ്ക്കുക.ആ അപേക്ഷകൾ റാക്ക് 2 ലേക്ക് ക്രമീകരിക്കുക.**(Process B)** | നവമ്പർ 10 മുതൽ |
| 6. | കൂടുതൽ രേഖകൾ ആവശ്യമുണ്ടെങ്കിൽ കക്ഷിക്ക് അറിയിപ്പ് നൽകേണ്ടതാണ്. | നവമ്പർ 10 മുതൽ |
| 7. | വില്ലേജ് ഓഫീസർ, റവന്യൂ ഇൻസ്പെക്ടർ എന്നിവരുടെ റിപ്പോർട്ട് ആവശ്യമാണെങ്കിൽ ആയത് വാങ്ങുക. | നവമ്പർ 10 മുതൽ |
| 8. | രേഖകൾ, റിപ്പോർട്ടുകൾ എന്നിവ ലഭിക്കുന്ന മുറക്ക് അതാത് ഫയലിനോടൊപ്പം ചേർത്ത് റാക്ക് 3 ലേക്ക് മാറ്റുക.**(Process C)** | നവമ്പർ 10 മുതൽ |
| 9. | റാക്ക് 3 ലെ ഫയലുകളിൽ കക്ഷികൾക്ക് നോട്ടീസ് നടത്തുക. 25-50 ഫയലുകൾ ആകുന്ന മുറക്ക് അവയ്ക്കായി ഒരു ദിവസം വിചാരണ നടത്തേണ്ടതാണ്. എതിർ കക്ഷികൾ contest ചെയ്യാത്ത കേസുകളിൽ അന്നു തന്നെ തീർപ്പ് കൽപ്പിക്കേണ്ടതാണ്.**(Process D)** | 20 ദിവസത്തെ വിചാരണയിലൂടെ 1000 കേസുകൾ തീർപ്പാക്കാവുന്നതാണ്. |

## (V) കർമ്മ പരിപാടിയുടെ ജില്ലാതല ടാർജറ്റ്

| ക്രമ നം | ജില്ല | ഓഫീസുകളുടെ എണ്ണം | തീർപ്പാക്കാൻ ബാക്കിയുള്ള ലാൻഡ് ട്രൈബ്യൂണൽ കേസുകൾ | കർമ്മ പരിപാടിയുടെ ടാർജറ്റ് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 7 | 483 | 483 |
| 2 | കൊല്ലം | 7 | 120 | 120 |
| 3 | പത്തനംതിട്ട | 7 | 100 | 100 |
| 4 | ആലപ്പുഴ | 7 | 543 | 543 |
| 5 | കോട്ടയം | 6 | 278 | 278 |
| 6 | ഇടുക്കി | 6 | 335 | 335 |
| 7 | എറണാകുളം | 2 | 1292 | 1292 |
| 8 | തൃശ്ശൂർ | 4 | 21525 | 11000 |
| 9 | പാലക്കാട് | 9 | 35317 | 14500 |
| 10 | മലപ്പുറം | 6 | 22146 | 12000 |
| 11 | കോഴിക്കോട് | 6 | 9759 | 9759 |
| 12 | കണ്ണൂർ | 8 | 11063 | 8500 |
| 13 | വയനാട് | 2 | 1081 | 1081 |
| 14 | കാസർഗോഡ് | 2 | 1783 | 1783 |
| | **ആകെ** | | **105825** | **61774** |

### (VI) മോണിറ്ററിംഗ്

1.പദ്ധതിയുടെ പുരോഗതി വിവരങ്ങൾ നിശ്ചിത ഘട്ടത്തിൽ പ്രൊഫോർമയിൽ സ്റ്റേറ്റ് ലാൻഡ് ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

2.ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് ബോർഡ് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ 15 ദിവസത്തിലൊരിക്കൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള മീറ്റിംഗ് നടത്തുന്നതാണ്.

3.മുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

4.പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ സ്റ്റേറ്റ് ലാൻഡ് ബോർഡിൽ നിന്ന് നേരിട്ട് ഇൻസ്പെക്ഷൻ നടത്തുന്നതാണ്.

## (VII) 100 ദിന കർമ്മ പരിപാടിയുടെ ഓഫീസ് തലത്തിലുള്ള ടാർജറ്റ്

| നമ്പർ | ലാൻഡ് ട്രൈബ്യൂണലിൻെറ പേര് | തീർപ്പാക്കാൻ ബാക്കിയുള്ള കേസുകൾ | 100 ദിന കർമ്മ പരിപാടിയുടെ ടാർജറ്റ് |
|---|---|---|---|
| **1** | **തിരുവനന്തപുരം ജില്ല** | **483** | **483** |
| 1(1) | തിരുവനന്തപുരം താലൂക്ക് ഓഫീസ് | 284 | 284 |
| 1(2) | നെയ്യാറ്റിൻകര താലൂക്ക് ഓഫീസ് | 100 | 100 |
| 1(3) | വർക്കല താലൂക്ക് ഓഫീസ് | 16 | 16 |
| 1(4) | ചിറയിൻകീഴ് താലൂക്ക് ഓഫീസ് | 15 | 15 |
| 1(5) | കാട്ടാക്കട താലൂക്ക് ഓഫീസ് | 53 | 53 |
| 1(6) | നെടുമങ്ങാട് താലൂക്ക് ഓഫീസ് | 11 | 11 |
| 1(7) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 0 | 0 |
| **2** | **കൊല്ലം ജില്ല** | **120** | **120** |
| 2(1) | കൊല്ലം താലൂക്ക് ഓഫീസ് | 19 | 19 |
| 2(2) | കൊട്ടാരക്കര താലൂക്ക് ഓഫീസ് | 53 | 53 |
| 2(3) | കരുനാഗപ്പള്ളി താലൂക്ക് ഓഫീസ് | 3 | 3 |
| 2(4) | കുന്നത്തൂർ താലൂക്ക് ഓഫീസ് | 5 | 5 |
| 2(5) | പത്തനാപുരം താലൂക്ക് ഓഫീസ് | 0 | 0 |
| 2(6) | പുനലൂർ താലൂക്ക് ഓഫീസ് | 15 | 15 |
| 2(7) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 25 | 25 |
| **3** | **പത്തനംതിട്ട ജില്ല** | **100** | **100** |
| 3(1) | കോഴഞ്ചേരി താലൂക്ക് ഓഫീസ് | 7 | 7 |
| 3(2) | മല്ലപ്പള്ളി താലൂക്ക് ഓഫീസ് | 20 | 20 |
| 3(3) | അടൂർ താലൂക്ക് ഓഫീസ് | 10 | 10 |
| 3(4) | റാന്നി താലൂക്ക് ഓഫീസ് | 19 | 19 |
| 3(5) | തിരുവല്ല താലൂക്ക് ഓഫീസ് | 20 | 20 |
| 3(6) | കോന്നി താലൂക്ക് ഓഫീസ് | 24 | 24 |
| 3(7) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 0 | 0 |

| നമ്പർ | ലാൻഡ് ട്രൈബ്യൂണലിൻെറ പേര് | തീർപ്പാക്കാൻ ബാക്കിയുള്ള കേസുകൾ | 100 ദിന കർമ്മ പരിപാടിയുടെ ടാർജറ്റ് |
|---|---|---|---|
| **4** | **ആലപ്പുഴ ജില്ല** | **543** | **543** |
| 4(1) | ചേർത്തല താലൂക്ക് ഓഫീസ് | 190 | 190 |
| 4(2) | അമ്പലപ്പുഴ താലൂക്ക് ഓഫീസ് | 122 | 122 |
| 4(3) | കുട്ടനാട് താലൂക്ക് ഓഫീസ് | 156 | 156 |
| 4(4) | കാർത്തികപ്പള്ളി താലൂക്ക് ഓഫീസ് | 14 | 14 |
| 4(5) | മാവേലിക്കര താലൂക്ക് ഓഫീസ് | 2 | 2 |
| 4(6) | ചെങ്ങന്നൂർ താലൂക്ക് ഓഫീസ് | 4 | 4 |
| 4(7) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 55 | 55 |
| **5** | **കോട്ടയം ജില്ല** | **278** | **278** |
| 5(1) | കോട്ടയം താലൂക്ക് ഓഫീസ് | 115 | 115 |
| 5(2) | ചങ്ങനാശ്ശേരി താലൂക്ക് ഓഫീസ് | 2 | 2 |
| 5(3) | കാഞ്ഞിരപ്പള്ളി താലൂക്ക് | 5 | 5 |
| 5(4) | മീനച്ചിൽ താലൂക്ക് ഓഫീസ് | 13 | 13 |
| 5(5) | വൈക്കം താലൂക്ക് ഓഫീസ് | 72 | 72 |
| 5(6) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 71 | 71 |
| **6** | **ഇടുക്കി ജില്ല** | **335** | **335** |
| 6(1) | തൊടുപുഴ താലൂക്ക് ഓഫീസ് | 23 | 23 |
| 6(2) | ദേവികുളം താലൂക്ക് ഓഫീസ് | 96 | 96 |
| 6(3) | പീരുമേട് താലൂക്ക് ഓഫീസ് | 157 | 157 |
| 6(4) | ഉടുമ്പൻചോല താലൂക്ക് ഓഫീസ് | 57 | 57 |
| 6(5) | ഇടുക്കി താലൂക്ക് ഓഫീസ് | 0 | 0 |
| 6(6) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 2 | 2 |

| നമ്പർ | ലാൻഡ് ട്രൈബ്യൂണലിൻെറ പേര് | തീർപ്പാക്കാൻ ബാക്കിയുള്ള കേസുകൾ | 100 ദിന കർമ്മ പരിപാടിയുടെ ടാർജറ്റ് |
|---|---|---|---|
| **7** | **എറണാകുളം ജില്ല** | **1292** | **1292** |
| 7(1) | ലാൻഡ് ട്രൈബ്യൂണൽ, എറണാകുളം | 426 | 426 |
| 7(2) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 866 | 866 |
| **8** | **തൃശ്ശൂർ ജില്ല** | **21525** | **11000** |
| 8(1) | ലാൻഡ് ട്രൈബ്യൂണൽ, തൃശ്ശൂർ | 5361 | 2500 |
| 8(2) | ലാൻഡ് ട്രൈബ്യൂണൽ, ഇരിങ്ങാലക്കുട | 2507 | 2000 |
| 8(3) | ലാൻഡ് ട്രൈബ്യൂണൽ, കുന്ദംകുളം | 6561 | 3000 |
| 8(4) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ, | 7096 | 3500 |
| **9** | **പാലക്കാട് ജില്ല** | **35317** | **14500** |
| 9(1) | പാലക്കാട് ലാൻഡ് ട്രൈബ്യൂണൽ, | 3338 | 2500 |
| 9(2) | ഒറ്റപ്പാലം ലാൻഡ് ട്രൈബ്യൂണൽ, | 4257 | 2500 |
| 9(3) | പട്ടാമ്പി ലാൻഡ് ട്രൈബ്യൂണൽ, | 11853 | 3000 |
| 9(4) | തഹസിൽദാർ. ആർ.ആർ. പാലക്കാട് | 605 | 605 |
| 9(5) | അട്ടപ്പാടി ലാൻഡ് ട്രൈബ്യൂണൽ, | 4357 | 1568 |
| 9(6) | എൽ.എ. ജനറൽ നം 1, പാലക്കാട് | 635 | 635 |
| 9(7) | എൽ.എ. ജനറൽ നം 2, പാലക്കാട് | 692 | 692 |
| 9(8) | പി.എ.ആർ ഇറിഗേഷൻ, പാലക്കാട് | 0 | 0 |
| 9(9) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ, | 9580 | 3000 |
| **10** | **മലപ്പുറം ജില്ല** | **22146** | **12000** |
| 10(1) | തിരൂർ ലാൻഡ് ട്രൈബ്യൂണൽ | 6099 | 2682 |
| 10(2) | മഞ്ചേരി ലാൻഡ് ട്രൈബ്യൂണൽ | 3871 | 2500 |
| 10(3) | തിരൂരങ്ങാടി ലാൻഡ് ട്രൈബ്യൂണൽ | 1918 | 1918 |
| 10(4) | എൽ.എ. ജനറൽ തിരൂർ | 34 | 34 |
| 10(5) | എൽ.എ.എയർപോർട്ട്, കരിപ്പൂർ | 1366 | 1366 |
| 10(6) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 8858 | 3500 |

| നമ്പർ | ലാൻഡ് ട്രൈബ്യൂണലിൻെറ പേര് | തീർപ്പാക്കാൻ ബാക്കിയുള്ള കേസുകൾ | |
|---|---|---|---|
| **11** | **കോഴിക്കോട് ജില്ല** | **9759** | **9759** |
| 11(1) | കോഴിക്കോട് ലാൻഡ് ട്രൈബ്യൂണൽ | 4923 | 4923 |
| 11(2) | വടകര ലാൻഡ് ട്രൈബ്യൂണൽ | 2398 | 2398 |
| 11(3) | എൽ.എ.കോഴിക്കോട് | 192 | 192 |
| 11(4) | ആർ.ആർ.കോഴിക്കോട് | 954 | 954 |
| 11(5) | എൽ. എ. കൊയിലാണ്ടി | 386 | 386 |
| 11(6) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ, | 906 | 906 |
| **12** | **കണ്ണൂർ ജില്ല** | **11063** | **8500** |
| 12(1) | പയ്യന്നൂർ ലാൻഡ് ട്രൈബ്യൂണൽ, | 2272 | 2000 |
| 12(2) | കുത്തുപറമ്പ് ലാൻഡ് ട്രൈബ്യൂണൽ, | 2553 | 2000 |
| 12(3) | ഇരിട്ടി ലാൻഡ് ട്രൈബ്യൂണൽ, | 2467 | 2000 |
| 12(4) | തലശ്ശേരി ദേവസ്വം എൽ. റ്റി | 997 | 500 |
| 12(5) | കണ്ണൂർ ദേവസ്വം എൽ. റ്റി | 559 | 559 |
| 12(6) | തളിപറമ്പ് ദേവസ്വം എൽ. റ്റി | 2040 | 766 |
| 12(7) | ആർ.ആർ. തലശ്ശേരി | 175 | 175 |
| **13** | **വയനാട് ജില്ല** | **1081** | **1081** |
| 13(1) | മാനന്തവാടി ലാൻഡ് ട്രൈബ്യൂണൽ | 1022 | 1022 |
| 13(2) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 59 | 59 |
| **14** | **കാസർഗോഡ് ജില്ല** | **1783** | **1783** |
| 14(1) | കാസർഗോഡ് ലാൻഡ് ട്രൈബ്യൂണൽ | 1512 | 1512 |
| 14(2) | ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ | 271 | 271 |